ഉത്തരം

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ രണ്ട് ഫാർമസിസ്റ്റുക ളുടെ തസ്തികകൾ നിലവിലുണ്ട്.

(ബി) ഇവ 1961-ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ്.

(സി) ഉണ്ട്.

(ഡി) പരിശോധിച്ചു വരുന്നു.

172 (1776) പി.എച്ച്. സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന ആവശ്യം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക, ഉദുമ എന്നീ പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സാമ്പത്തിക ലഭ്യതയനുസരിച്ച് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 25 പി.എച്ച്.സി./ഗവൺമെന്റ് ആശുപത്രികൾ മാത്രമാണ് സി.എച്ച്.സി.കളായി ഉയർത്തിയത്. അതിൽ കാസർഗോഡ് ജില്ല യിലെ ബേഡഡുക്ക, ഉദുമ എന്നീ പി.എച്ച്.സികൾ ഉൾപ്പെടുന്നില്ല.

173 (1777) കയർ വാർഡുകൾ

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് കയർവാർഡുകൾ ആരംഭിച്ചിട്ടുള്ളത്;

(ബി) ആരോഗ്യ കേന്ദ്രങ്ങളോടൊപ്പം കയർവാർഡുകൾ ആരംഭി ക്കാൻ തീരുമാനമെടുത്തത് എന്നാണ്;

(സി) ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളിലെ കയർവാർഡുകളിലാണ് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സംവിധാനം ഉള്ളത്;

(ഡി) കയർവാർഡുകളുടെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ താഴെ കാണുന്ന 49 സർക്കാർ ആശുപത്രിക ളോടനുബന്ധിച്ചാണ് കയർ വാർഡുകൾ ആരംഭിച്ചിട്ടുള്ളത്.

1. പ്രാഥമികാരോഗ്യ കേന്ദ്രം അഞ്ചുതെങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

2. താലൂക്കാശുപത്രി, ചിറയിൻകീഴ്
3. പ്രാഥമികാരോഗ്യ കേന്ദ്രം, വക്കം
4. പ്രാഥമികാരോഗ്യ കേന്ദ്രം, കടകംപള്ളി
5. പ്രാഥമികാരോഗ്യ കേന്ദ്രം, പുത്തൻതോപ്പ്
6. പ്രാഥമികാരോഗ്യ കേന്ദ്രം, ചവറ
7. പ്രാഥമികാരോഗ്യ കേന്ദ്രം, കരുനാഗപള്ളി
8. പ്രാഥമികാരോഗ്യ കേന്ദ്രം, തെക്കുംഭാഗം
9. പ്രാഥമികാരോഗ്യ കേന്ദ്രം, പെരുമൺ
10. പ്രാഥമികാരോഗ്യ കേന്ദ്രം, നെടുങ്ങോലം
11. പ്രാഥമികാരോഗ്യ കേന്ദ്രം, മൺറോതുരുത്ത്
12. പ്രാഥമികാരോഗ്യ കേന്ദ്രം, വയലാർ
13. പ്രാഥമികാരോഗ്യ കേന്ദ്രം, എഴുപുന്ന
14. പ്രാഥമികാരോഗ്യ കേന്ദ്രം, പെരുംപളം
15. പ്രാഥമികാരോഗ്യ കേന്ദ്രം, ചെട്ടിക്കാട്
16. പ്രാഥമികാരോഗ്യ കേന്ദ്രം, മുഹമ്മ
17. പ്രാഥമികാരോഗ്യ കേന്ദ്രം, തുറവൂർ
18. പ്രാഥമികാരോഗ്യ കേന്ദ്രം, തൃക്കുന്നപ്പുഴ
19. പ്രാഥമികാരോഗ്യ കേന്ദ്രം, കണ്ടല്ലൂർ
20. പ്രാഥമികാരോഗ്യ കേന്ദ്രം, ഉടയാഴം
21. പ്രാഥമികാരോഗ്യ കേന്ദ്രം, മാരാരിക്കുളം, നോർത്ത്
22. പ്രാഥമികാരോഗ്യ കേന്ദ്രം, കുമരകം
23. പ്രാഥമികാരോഗ്യ കേന്ദ്രം, ബ്രഹ്മമംഗലം
24. പ്രാഥമികാരോഗ്യ കേന്ദ്രം, വാരാപ്പുഴ
25. പ്രാഥമികാരോഗ്യ കേന്ദ്രം, നോർത്ത് പറവൂർ
26. പ്രാഥമികാരോഗ്യ കേന്ദ്രം, ഞാറയ്ക്കൽ
27. പ്രാഥമികാരോഗ്യ കേന്ദ്രം, കുമ്പളങ്ങി
28. പ്രാഥമികാരോഗ്യ കേന്ദ്രം, പുത്തൻവേലിക്കര
29. പ്രാഥമികാരോഗ്യ കേന്ദ്രം, മേത്തല
30. പ്രാഥമികാരോഗ്യ കേന്ദ്രം, കൊടുങ്ങല്ലൂർ
31. പ്രാഥമികാരോഗ്യ കേന്ദ്രം, പുത്തൻചിറ
32. പ്രാഥമികാരോഗ്യ കേന്ദ്രം, പൊയ്ക
33. പ്രാഥമികാരോഗ്യ കേന്ദ്രം, മുല്ലശ്ശേരി
34. പ്രാഥമികാരോഗ്യ കേന്ദ്രം, നെടുവ
35. പ്രാഥമികാരോഗ്യ കേന്ദ്രം, വെട്ടം
36. പ്രാഥമികാരോഗ്യ കേന്ദ്രം, കടലുണ്ടി

LIBRARY ARCHIVES Kerala Legislative Assembly

37. പ്രാഥമികാരോഗ്യ കേന്ദ്രം, തലകുളത്തൂർ
38. പ്രാഥമികാരോഗ്യ കേന്ദ്രം, അത്തോളി
39. പ്രാഥമികാരോഗ്യ കേന്ദ്രം, ബെപ്പൂർ
40. പ്രാഥമികാരോഗ്യ കേന്ദ്രം, ഉള്ളിയേരി
41. പ്രാഥമികാരോഗ്യ കേന്ദ്രം, നെടുവണ്ണൂർ
42. പ്രാഥമികാരോഗ്യ കേന്ദ്രം, പടന്ന
43. പ്രാഥമികാരോഗ്യ കേന്ദ്രം, തൃക്കരിപ്പൂർ
44. പ്രാഥമികാരോഗ്യ കേന്ദ്രം, പനങ്ങോട്
45. പ്രാഥമികാരോഗ്യ കേന്ദ്രം, ഒളവണ്ണ
46. പ്രാഥമികാരോഗ്യ കേന്ദ്രം, കൊയിലാണ്ടി
47. പ്രാഥമികാരോഗ്യ കേന്ദ്രം, പുതുക്കുറിച്ചി
48. പ്രാഥമികാരോഗ്യ കേന്ദ്രം, പിണറായി
49. പ്രാഥമികാരോഗ്യ കേന്ദ്രം, ആറാട്ടുപുഴ

(ബി) പ്രസ്തുത തീരുമാനം 1990-ൽ ആണ് എടുത്തത്.

(സി) താഴെപ്പറയുന്ന ആശുപത്രികളിലാണ് കിടത്തി ചികിത്സ ആരംഭിച്ചിട്ടുള്ളത്.

1. താലൂക്കാശുപത്രി, ചിറയിൻകീഴ്
2. പ്രാഥമികാരോഗ്യ കേന്ദ്രം, വക്കം
3. പ്രാഥമികാരോഗ്യ കേന്ദ്രം, പുത്തൻത്തോപ്പ്
4. താലൂക്കാശുപത്രി, കരുനാഗപള്ളി
5. പി.എച്ച്.സി. പെരുമൺ
6. പി.എച്ച്.സി. തെക്കുംഭാഗം
7. പി.എച്ച്.സി. മൺറോതുരുത്ത്
8. ആർ.ആർ. ഹോസ്പിറ്റൽ, നെടുങ്ങോലം.
9. പി.എച്ച്.സി. എഴുപുന്ന
10. പി.എച്ച്.സി. തൃക്കുന്നപ്പുഴ
11. പി.എച്ച്.സി. ചെട്ടിക്കാട്
12. പി.എച്ച്.സി. മുഹമ്മ
13. പി.എച്ച്.സി. പെരുംപളം
14. പി.എച്ച്.സി. കണ്ടല്ലൂർ
15. പി.എച്ച്.സി. മാരാരിക്കുളം നോർത്ത്
16. പി.എച്ച്.സി. തുറവൂർ
17. പി.എച്ച്.സി. വയലാർ
18. പി.എച്ച്.സി. ആറാട്ടുപുഴ
19. പി.എച്ച്.സി. കുമ്പളങ്ങി
20. പി.എച്ച്.സി. പിണറായി

1062/2010.

LIBRARY ARCHIVES Kerala Legislative Assembly

21. പി.എച്ച്.സി. കടലുണ്ടി ഗ്രാമം

22. പി.എച്ച്.സി. വെട്ടം

23. പി.എച്ച്.സി. നെടുവ

24. പി.എച്ച്.സി. അലക്കുളത്തൂർ

25. ജി.എച്ച്. കൊയിലാണ്ടി

26. ജി.എച്ച്.സി. തൃക്കരിപ്പൂർ

(ഡി) തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ആവശ്യത്തിന് അനുവദനീയമായ സ്റ്റാഫിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്പോൾ കയർ വാർഡുകളിലേക്കുള്ള നിർദ്ദേശമൊന്നും പരിഗണനയിലില്ല.

174 (1778) ട്രാൻസ്ഫർ റദ്ദാക്കൽ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര സർക്കിൾ ഫുഡ് ഇൻസ്പെക്ടർ ആഫീസിലെ പ്യൂൺ ആയിരുന്ന ശ്രീ. ജി. കാർത്തികേയനെ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറ്റിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ക്ലാസ്ഫോർ ജീവനക്കാരനെ ജില്ല മാറ്റി സ്ഥലം മാറ്റുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഓപ്ഷൻ വാങ്ങണമെന്ന നിയമം ശ്രീ. കാർത്തികേയന്റെ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ;

(സി) സർവ്വീസ് തീരുവാൻ ഇനി ഒമ്പത് മാസം മാത്രമുള്ള ഇദ്ദേഹത്തിന്റെ സ്ഥലം മാറ്റം റദ്ദ് ചെയ്ത് മാവേലിക്കരയിൽ തന്നെ തുടരുവാൻ അനുവദിക്കണമെന്ന് കാണിച്ച് കായംകുളം എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വീസിൽ ഇതുവരെയും യാതൊരു അച്ചടക്ക നടപടിക്കും വിധേയനാകാത്ത ഇദ്ദേഹത്തിന്റെ സ്ഥലംമാറ്റം റദ്ദാക്കി മാവേലിക്കരയിൽ തുടരുന്നതിന് തീരുമാനിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഴിമതി ആരോപണവിധേയമായി ഒരു ജീവനക്കാരനെ സ്ഥലംമാറ്റുമ്പോൾ ഓപ്ഷൻ വാങ്ങണമെന്ന് നിർബന്ധമില്ല. ടിയാനെ സ്ഥലംമാറ്റിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്.

(സി)&-(ഡി) വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ച് പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly